# റമദ്വാനിനെ
# എങ്ങിനെ വരവേല്‍ക്കും ?

[ Malayalam - മലയാളം - مليالم ]

# ﴿ كيف نستقبل رمضان؟ ﴾


ശൈഖ് അബ്ദുല്‍ റഹ്മാന്‍ അല്‍ സുദൈസ്

ഇമാം/ഖത്തീബ്, മസ്ജിദുല്‍ ഹറാം, മക്ക

إعداد : عبد الرحمن بن عبد العزيز السديس

إمام وخطيب المسجد الحرام بمكة المكرمة

വിവര്‍ത്തനം: സമീര്‍ മുണ്ടേരി

ترجمة : سمير منديري



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

നന്മകളുടെ വേളകൾ കൊണ്ട് നമ്മെ അനുഗ്രഹിച്ച റമദ്വാൻ മാസത്തെ ശ്രേഷ്ഠത കൊണ്ടും അനുഗ്രങ്ങൾ കൊണ്ടും പ്രത്യേകമാക്കിയ അതിൽ സൽകർമ്മങ്ങൾ അധികരിപ്പിക്കാൻ നമ്മെ പ്രേരിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും. പരിപൂർണമായ അനുഗ്രങ്ങൾ നൽകിയ അല്ലാഹുവിന് സ്തുതി. അവന്റെ പ്രവാചകന്(ﷺ) രക്ഷയും സമാധാനവും ഉണ്ടാവട്ടെ അദ്ദേഹത്തിന്റെ കുടുംബത്തിനും അനുചരന്മാർക്കും അവരെ പിൻതുടർന്നവർക്കും അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കട്ടെ.

ഹൃദയങ്ങളിൽ വിശ്വാസം ഊട്ടിയുറപ്പിക്കുവാനും സൽ കർമ്മങ്ങൾ അധികരിപ്പിക്കുവാനും തിന്മയുടെ മേഖലകൾ ഇല്ലാതാക്കാനും മുസ്ലിംകൾക്ക് സാഹോദര്യവും ഐക്യവും പ്രദാനം ചെയ്യാനും വേണ്ടി മഹത്തായ അവസരങ്ങൾ അല്ലാഹു ഒരുക്കിത്തന്നു. അവ നന്മയുടെ ഉറവിടങ്ങളാണ്. അല്ലാഹുവിനെ അനുസരിച്ച് ജീവിക്കുന്നവർക്ക് വിശ്വസ്തമായ സുരക്ഷിത മേഖലയാണ്. പാപികൾക്ക് അവരുടെ പാപങ്ങളിൽ നിന്ന് മോചനം നേടാനുള്ള അവസരമാണ്. അങ്ങനെ സൽകർമ്മങ്ങൾ കൊണ്ട് അവരുടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കാനുള്ള സമയവുമാണ്

## റമദ്വാനിന്റെ മഹത്വം

നന്മയുടെ അവസരങ്ങളിൽ ഏറ്റവും മഹത്തായത് റമദ്വാൻ മാസമാണ്. നന്മകൾ അധികരിപ്പിക്കാനും പദവികൽ ഉയർത്താനും പാപങ്ങൾ പൊറുക്കാനും വിടവുകൾ നികത്താനുമുള്ള മാസം. അതിൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടും. നരക കവാടങ്ങൾ കൊട്ടിയടക്കപ്പെടും. പിശാചുക്കൾ ബന്ധനസ്ഥരാകും. വിശ്വാസ ത്തോടും പ്രതിഫലേച്ഛയോടും കൂടി നോമ്പെടുക്കുകയും നമസ് ക്കരിക്കുകയും ചെയ്തവന്റെ കഴിഞ്ഞു പോയ പാപങ്ങൾ പൊറു ക്കപ്പെടും. അബൂഹുറൈറ(ﷺ) നബി(ﷺ)യിൽ നിന്ന് ഉദ്ധരിക്കു ന്നു. റമദ്വാനിൽ ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേ ച്ഛയോടും കൂടി നോമ്പെടുത്താൽ അവന്റെ മുൻ കഴിഞ്ഞ പാപ ങ്ങൽ പൊറുക്കപ്പെടും. (ബുഖാരി, മുസ്ലിം)

റമദ്വാനിൽ ആരെങ്കിലും വിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി നമസ്ക്കരിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും. (ബുഖാരി, മുസ്ലിം)

ഈ ദിവസങ്ങളിൽ മുസ്ലിം സമുദായം ജീവിക്കുന്നത് വലിയ സന്തോഷത്തിലാണ്. ഈ മഹത്തായ മാസം ഒരു അതിഥിയായി കടന്നു വരാൻ പോകുകയാണ്. ഈ സമുദായത്തിന് അല്ലാഹു നൽകിയ ഔദാര്യമാണിത്. ഇതിലൂടെ മുസ്ലിം സമുദായത്തിന് ധാരാളം സമ്മാനങ്ങൾ നൽകപ്പെടുന്നുണ്ട്. നബി(ﷺ) പറഞ്ഞതായി അബൂഹുറൈറ(ﷺ) റിപ്പോർട്ട് ചെയ്യുന്നു. റമദ്വാൻ ആഗതമായൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടും. നരക കവാടങ്ങൾ കൊട്ടിയടക്കപ്പെടും. പിശാചുക്കൾ ബന്ധനസ്ഥ രാകും. (ബുഖാരി, മുസ്ലിം)

എത്ര മഹത്തായ അവസരം അതിൽ മനസ്സുകൾ ശുദ്ധമാകുന്നു. ഹൃദയങ്ങൾ അത് കൊതിക്കുന്നു. നന്മകൾ അധികരിക്കുന്നു. സ്വർഗം തുറക്കപ്പെടുന്നു. കാരുണ്യം ഇറങ്ങുന്നു. പദവികൾ ഉയരുന്നു. തെറ്റുകൾ പൊറുക്കപ്പെടുന്നു. റമദ്വാനിൽ തഹജ്ജുദും തറാവീഹും, ദിക്റും തസ്ബീഹും ക്വുർആൻ പാരായണവും നമസ്ക്കാരവും ദാനധർമ്മവും പ്രാർത്ഥനയും അധികരിക്കുന്നു.

## റമദ്വാൻ എന്തിന്

ഈമാൻ പുതുക്കാനും പ്രവർത്തനങ്ങൾ നന്നാക്കാനും സമൂഹങ്ങൾക്ക് പ്രത്യേക അവസരങ്ങൾ ആവശ്യമാണ്. നമുക്ക് അതിനായി ലഭിച്ചിരിക്കുന്ന അവസരമാണ് പരിശുദ്ധ റമദ്വാൻ മാസം. ആത്മീയവും സ്വഭാവപരവുമായ ശക്തി നേടാനുള്ള അവസരമാണത്. എല്ലാ സമൂഹത്തിനും അങ്ങനെ ഒന്ന് ആവശ്യമാണ്. മുസ്ലിം വ്യക്തികളും സമൂഹവും അത് ആവശ്യപ്പെടുന്നു. വിശ്വാസം പുതുക്കാനും സ്വഭാവം സംശുദ്ധമാക്കാനും മനസ്സ് നന്നാക്കാനും ജന്മവാസനകളെ ചിട്ടപ്പെടുത്താനും ഇച്ഛകളെ കടിഞ്ഞാണിട്ട് പിടിക്കാനുമുള്ള പരിശീലന കളരിയാണത്.

## നോമ്പിലൂടെ നേടുന്നത്

സൂക്ഷ്മത, അല്ലാഹുവിന്റെ കൽപ്പന അനുസരിക്കൽ, ഇച്ഛ കളെ നിയന്ത്രിക്കൽ, ത്യാഗം, ഐക്യം, സ്നേഹം, സാഹോദര്യം, ഇണക്കം, പാവപ്പെട്ടവരുടെ അവസ്ഥ മനസ്സിലാക്കൽ, വിശക്കുന്നവന്റെ വിശപ്പ് അനുഭവിക്കൽ, ദാനധർമ്മം, ഔദാര്യം, ബന്ധം, സ്വഭാവ സംസ്ക്കരണം, കാരുണ്യം എന്നിവ നോമ്പ് പ്രദാനം

ചെയ്യുന്ന ഉത്തമ ഗുണങ്ങളാണ്. ഒരാൾ ശരിയായ വിധത്തിൽ നോമ്പ് എടുത്താൽ അയാളുടെ ആത്മാവ് ശുദ്ധമാകും, മനസ്സ് നന്നാകും, സ്വഭാവം മൃദലമാകും. ഇക്കാലത്ത് മുസ്ലിം സമു ദായത്തിന് അതിന്റെ പങ്ക് നിർവഹിക്കാൻ ഏറ്റവും പറ്റിയിട്ടുള്ളത് ഈ മാസം ആഗതമാവുമ്പോൾ ആത്മ വിചാരണ നടത്തുക എന്നതാണ്. നോമ്പിന്റെ വിധികൾ മനസ്സിലാക്കുക, അതിന്റെ നന്മകൾ ഉപകാരപ്പെടുത്തുക, എന്നി വയെല്ലാം അത്യവശ്യമാണ്.

**റമദ്വാനിനെ എങ്ങിനെ വരവേൽക്കും ?**

റമദ്വാനിനെ സ്വീകരിക്കുമ്പോൾ നാം ആദ്യമായി ചെയ്യേണ്ടത് അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് നന്ദി കാണിക്കുകയുമാണ്. ഈ മഹത്തായ അവസരം ലഭിച്ചതിൽ നാം സന്തോഷിക്കണം. എല്ലാ പാങ്ങളിൽ നിന്നും പശ്ചാതപിച്ച് മടങ്ങണം. അക്രമങ്ങൽ വെടിയണം. അവകാശങ്ങൾ അതിന്റെ ഉടമസ്ഥർക്ക് തിരിച്ചു നൽകുകയും വേണം. അതിന്റെ രാപ്പകലുകൾ ഫലപ്രദമാക്കി കൊണ്ട് നന്മ ചെയ്യണം. ഇത്തരം ബോധവും പ്രവർത്തനങ്ങളും മുഖേനയാണ് പ്രതീക്ഷകൾ യാഥാർത്ഥ്യമാവുന്നത്. വ്യക്തികളും സമൂഹങ്ങളും മഹത്വം കൈവരിക്കുന്നത്. എന്നാൽ ചില ആളുകൾ ഈ മാസത്തെ വരവേൽക്കുന്നത് വളരെ നിസ്സാരമായിട്ടാണ്. അവർ തിന്മ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അവർക്ക് മാനസികമായി പരാജയം സംഭവിച്ചിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ പൈശാചിക വൃത്തിയാണ്. അതിന്റെ പര്യവസാനം വ്യക്തിക്കും സമൂഹത്തിനും നാശമായിരിക്കും.

ഈ അനുഗ്രഹീത മാസം സമാഗതമാവുന്നതിൽ ഇസ്ലാമിക ലോകം ആഹ്ലാദത്തിലാണ്. സദ്വൃത്തർക്കിത് സൽകർമ്മം അധി കരിപ്പിക്കാനുള്ള മാസമാണ്. പാപികൾക്ക് പശ്ചാത്തപിക്കാനുള്ള അവസരവും. സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടുമ്പോൾ സത്യ വി ശ്വാസി എങ്ങനെ സന്തോഷിക്കാതിരിക്കും. നരക കവാടങ്ങൾ അടക്കുമ്പോൾ പാപി എങ്ങിനെ സന്തോഷിക്കാതിരിക്കും. ദൗർ ഭാഗ്യവനല്ലാതെ ഈ അവസരത്തെ അവഗണിക്കുകയില്ല. നോമ്പി ന്റെയും രാത്രി നമസ്ക്കാരത്തിന്റെയും മാസം ആഗതമായതിൽ മുസ്ലിംകൾ സന്തോഷിക്കട്ടെ അല്ലാഹുവിന്റെ അടിമകൾ ഉത്സാഹത്തിലും ആ വേശത്തിലുമാണ്. നോമ്പിന്റെ ഭാരമോ അതിന്റെ ദൈർഘ്യമോ അവർക്കൊരു പ്രശ്നമല്ല. അതിനെ നിര ർത്ഥകമാക്കുന്ന കാര്യങ്ങൾ ചെയ്യാതെ നോക്കേണ്ടത് നമ്മുടെ കടമയാണ്.

**നോമ്പ് എന്നാൽ**

പലരും നോമ്പിനെ കുറിച്ച് അജ്ഞരാണ്. അവർ വിചാരിക്കുന്നത് ഭക്ഷണ പാനിയങ്ങൾ ഉപേക്ഷിക്കലാണ് അതെന്നാണ്. അവരുടെ നോമ്പ് കളവു പറയുന്നതിൽ നിന്നു പോലും അവരെ തടയുന്നില്ല. തങ്ങളുടെ കണ്ണുകളെയും കാതുകളെയും പാപങ്ങളിൽ വീഴാൻ വേണ്ടി അയച്ചു വിട്ടിരിക്കുകയാണവർ. നബി(ﷺ) പറഞ്ഞു ആരെങ്കിലും കളളവാക്കും അതനുസരിച്ചുളള പ്രവർത്തിയും അജ്ഞതയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് ആവശ്യമില്ല. (ബുഖാരി)

## റമദ്വാനും സമൂഹത്തിന്റെ അവസ്ഥയും.

ഇക്കാലത്തു ജീവിക്കുന്ന മുസ്ലിം സമൂഹത്തിനു അനിവാര്യമായിട്ടുള്ളത് ഭിന്നിപ്പിൽ നിന്ന് ഐക്യത്തിലേക്കുള്ള ഒരു മാറ്റമാണ്. ക്വുർആനും സുന്നത്തും കൊണ്ടു വന്ന യഥാർത്ഥ മാർഗത്തിനനുസരിച്ച് ചിന്തകളും അഭിപ്രായങ്ങളും മാറ്റാൻ വ്യക്തികളും സമൂഹങ്ങളും ഈ മാസത്തിൽ തയ്യാറാവണം. ആ മാർഗ്ഗത്തിലൂടെയാണ് മുൻഗാമികളായ സച്ചരിതർ കടന്നു പോയത്. അതിലൂടെ മാത്രമേ ഈ സമുദായത്തിന് നഷ്ടപ്പെട്ടു പോയ പ്രതാപം വീണ്ടെടുക്കാൻ കഴിയൂ. ഈ അനുഗ്രഹീത മാസത്തിലാണ് മുസ്ലിംകൾ ചരിത്രം സൃഷ്ടിച്ച പല വിജയങ്ങളും നേടിയത്. ബദ്ർ യുദ്ധം, ഫതുഹുമക്ക, ഹിത്വിൻ യുദ്ധം, അയ്ൻ ജാലൂത് യുദ്ധം, എന്നിവയെല്ലാം അതിനുള്ള സാക്ഷ്യങ്ങളാണ്.

പരിശുദ്ധ മാസം ആഗതമാകുകയാണ്. എന്നാൽ മുസ്ലിം സമൂഹം വലിയ പ്രയാസങ്ങൾ സഹിച്ചു കൊണ്ടിരിക്കുകയാണ്. ബൈത്തുൽ മുഖദ്ദസിനടുത്തുള്ള മുസ്ലിംകൾ ഈ പരിശുദ്ധ മാസത്തെ വരവേൽക്കുന്നത് എങ്ങിനെയാണ്? അവരിപ്പോഴും ക്രൂരന്മാരായ സിയോണിസ്റ്റുകളുടെ പീഢനം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. സ്വന്തം വീടുകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും അകറ്റപ്പെട്ട നമ്മുടെ സഹോദരങ്ങൾ ഏതവസ്ഥയിലാണ് ജീവിക്കുന്നത്? ലോകം കണ്ടതിൽ വെച്ചേറ്റവും നാശകാരിയായ യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നമ്മുടെ സഹോദരങ്ങൾ എങ്ങിനെയാണ് ഈ മാസത്തെ വരവേൽക്കുന്നത്?

## റമദ്വാൻ തലമുറകളുടെ പാഠശാല

റമദ്വാനിൽ മുസ്ലിം സമൂഹം പരിശ്രമമാണ് പരീശീലിച്ചെടുക്കുന്നത്. ദൗർബല്ല്യമുള്ള സമൂഹം പരാജിതരാണ്. നോമ്പിലൂടെ

സമുദായത്തിലെ വ്യക്തികൾ പരിശീലനം നേടുന്നത് പക, വഞ്ചന, അസൂയ, കോപം, എന്നിവയിൽ നിന്ന് ഹൃദയത്തെ ശുദ്ധീ കരിക്കാനും നാവിനെ നിയന്ത്രിക്കാനുമാണ്. പ്രത്യേകിച്ച് നന്മ യിലേക്ക് ക്ഷണിച്ച് കൊണ്ടിരിക്കുന്നവരും അറിവ് നേടി കൊണ്ടി രിക്കുന്നവരും. അതിലൂടെ ഹൃദയങ്ങൾ ഒന്നിക്കുന്നു. യഥാർത്ഥ ശത്രുവിനെ നേരിടാൻ എല്ലാവരും ശ്രമിക്കുന്നു. മറ്റുള്ളവരുടെ പോരായ്മകൾ കണ്ടുപിടിക്കുന്നവരിൽ നിന്നും പാപങ്ങൾ ചെയ്യുന്നതിൽ നിന്നും നാമെല്ലാവരും വിട്ടു നിൽക്കുന്നു.

## റമദ്വാനിൽ യുവാക്കൾ

റമദ്വാനിൽ യുവാക്കൾ അവരുടെ പങ്ക് നിർവഹിക്കണ മെന്നും ദൗത്യം മനസ്സിലാക്കണമെന്നും അല്ലാഹുവോടും മാതാ പിതാക്കളോടും സമൂഹത്തോടുമുള്ള കടമകൾ നമസ്സിലാക്കണ മെന്നുമാണ് അവരെ ഓർമ്മപ്പെടുത്തുവാനുള്ളത്. റമദ്വാനിൽ മുസ്ലിം നേതാക്കൾക്കും, പണ്ഡിതർക്കും, പ്രജകൾക്കും, സാധാ രണക്കാർക്കും, വലിയവർക്കും ചെറിയവർക്കുമിടയിൽ ബന്ധം ശക്തിപ്പെടണം. അങ്ങിനെ നാമൊരു ഉറച്ച കെട്ടിടം പോലെ യാവണം. റമദ്വാനിൽ നന്മയുടെ പ്രേരകങ്ങൾ അധികരിക്കുന്നു. മനസ്സുകൾ അതിനെ സ്വീകരിക്കുന്നു. സമുദായത്തിന് ഏറ്റവും ശരിയായ മാർഗത്തിലൂടെ നന്മയുടെ സന്ദേശമെത്തിക്കാൻ പ്രബോധകർക്ക് ലഭിക്കുന്ന ഒരു അവസരമാണിത്.

അല്ലാഹുവിന്റെ അടിമകളായ നാം അല്ലാഹുവിനെ സൂക്ഷി ക്കുക. നോമ്പ് എന്താണ് എന്ന് മനസ്സിലാക്കുക. അതിന്റെ വിധികളും മര്യാദകളും പഠിക്കുക അതിന്റെ രാപകലുകൾ സൽകർമ്മങ്ങൾ കൊണ്ട് ധന്യമാക്കുക, നോമ്പിനെ പോരാ യ്മകളിൽ നിന്നും നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നിന്നും സംരക്ഷിക്കുക. പശ്ചാത്തപിച്ച് കൊണ്ടിരിക്കുക. അല്ലാഹു നമ്മുടെ പാപങ്ങൾ പൊറുത്ത് തന്നേക്കാം. നരകത്തിൽ നിന്ന് മോചനം നേടുന്ന ഭാഗ്യശാലികളിൽ നമ്മെ ഉൾപ്പെടുത്തിയേക്കാം.

## നബി (ﷺ) യുടെ മാതൃക റമദ്വാനിൽ

നബി(ﷺ) ജനങ്ങളിൽ വെച്ചേറ്റവും ഔദാര്യവാനായിരുന്നു. ഇബ്നുൽ ക്വയ്യിം (റ) പറയുന്നു. അതിൽ അദ്ദേഹത്തിന്റെ ചര്യ ഏറ്റവും സമ്പൂർണമായിരുന്നു.ലക്ഷ്യം നേടുന്നതായിരുന്നു. റമദ്വാൻ മാസത്തിൽ അദ്ദേഹം ഇബാദത്തുകൾ അധികരിപ്പിക്കു മായിരുന്നു. ജിബ്രീൽ (ﷺ) അദ്ദേഹത്തിന് ക്വുർആൻ ഓതികൊടു ക്കുമായിരുന്നു. അതിൽ അദ്ദേഹം നന്മയും ദാനധർമ്മ വും

അധികരിപ്പിച്ചിരുന്നു. ക്വുർആൻ പാരായണം, നമസ്ക്കാരം, ദിക്ർ, ഇഅ്ത്തികാഫ്, എന്നിവ കൊണ്ട് അതിനെ സജീവ മാക്കിയിരുന്നു. മറ്റൊരു കാലത്തും ചെയ്യാത്തത്രെ ഇബാദത്തുകൾ അതിൽ ചെയ്യുമായിരുന്നു.

സച്ചരിതരായ മുൻഗാമികളും അതേ മാർഗത്തിൽ സഞ്ചരിച്ചു. നന്നായി നോമ്പ് നോൽക്കുന്നതിൽ അവർ മാതൃകകളായി തീർന്നു. നോമ്പ് എന്താണെന്ന് അവർ മനസ്സിലാക്കി. അതിന്റെ രാപകലുകൾ സൽകർമ്മം കൊണ്ടവർ സജീവമാക്കി. ഈ മാസത്തെ വരവേറ്റതു പോലെ അടുത്തു തന്നെ നാമതിനോട് വിടപറയുകയും ചെയ്യും. ബാക്കിയുള്ള മാസം നാം ജിവിച്ചിരിക്കുമോ? അല്ലാഹുവാണെ സത്യം നമുക്കറിയില്ല ഒരോദിവസവും എത്രയെത്ര മയ്യിത്തു നമസ്ക്കാരങ്ങളിൽ നാം പങ്കെടുക്കുന്നു. കഴിഞ്ഞവർഷം  നമ്മോടു കൂടെ നോമ്പെടുത്ത പലരും ഇന്നെവിടെ?

ഈ അവസരം ആത്മ വിചാരണക്ക് ഉപയോഗപ്പെടുത്തു ന്നവനാണ് ബുദ്ധിമാൻ അവൻ അവധി വന്നെത്തുന്നതിനു മുമ്പെ സൽകർമ്മങ്ങൾ ചെയ്യും. അവധിയെത്തിയാൽ പിന്നെ സൽകർമ്മമല്ലാതെ മറ്റൊന്നും ഉപകരിക്കില്ല. ഈ അനുഗ്രഹീത മാസത്തിൽ പശ്ചാത്തപിച്ച് മടങ്ങാൻ നാം തയ്യാറാവണം. പാപങ്ങളിൽ നിന്ന് വിട്ടു നിൽക്കണം, സ്വന്തത്തിനും സമുദായത്തിനും സഹോദരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കണം.

നമ്മുടെ നബി മുഹമ്മദ്(ﷺ)യിലും കുടുംബത്തിലും അനുചരന്മാ രിലും അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഉണ്ടാവട്ടെ ആമീൻ

وصلّى الله على محمد وآله وصحبه وسلّم

******************